# നോട്ടീസ്

എസ്.എസ്.എൽ.സി മാർച്ച് 2021 - സവിശേഷ സഹായം ആവശ്യമായ വിദ്യാർത്ഥികൾക്കുള്ള പരീക്ഷാനുകൂല്യം സംബന്ധിച്ചുള്ള 07.01.2021 ലെ ഐ.ഇ.ഡി/213221/2020/ഡിജിഇ നമ്പർ പരിപത്രം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വെബ്സൈറ്റിൽ ഡൗൺലോഡ് സെക്ഷനിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിലെ രണ്ടാം പേജിലെ രണ്ടാം ഖണ്ഡിക പ്രകാരം 2021 മാർച്ചിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ പരീക്ഷാനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ പ്രധാനാധ്യാപകർ അനുബന്ധ രേഖകൾ സഹിതം 2021 ജനുവരി 25 ന് മുൻപായി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കാൻ പാടുള്ളതല്ല എന്ന് ഖണ്ഡിക 3 ൽ പരാമർശിച്ചിരിക്കുന്നു.

ആയതിനാൽ അപേക്ഷകൾ താഴെപ്പറയും പ്രകാരം 25.01.2021 ന് മുൻപായി ഈ കാര്യാലയത്തിലേക്ക് ലഭ്യമാക്കേണ്ടതാണ്.

1. സർക്കുലറിൽ നൽകിയിരിക്കുന്ന അനുബന്ധം 1 പ്രകാരമുള്ള പൂരിപ്പിച്ച അപേക്ഷ.
2. വിദ്യാർത്ഥിയുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

   (ഓരോ വിദ്യാർത്ഥിക്കും ക്രമനമ്പർ 1, 2 ന്റെ 2 സെറ്റ് വീതം സമർപ്പിക്കേണ്ടതാണ്.)

   നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷകൾ ഈ കാര്യാലയത്തിലേക്ക് സമർപ്പിക്കാത്തതിനാൽ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായാൽ ബന്ധപ്പെട്ട പ്രധാനാധ്യാപകൻ മാത്രമായിരിക്കും ഉത്തരവാദി.

ജില്ലാ വിദ്യാഭ്യാസ ആഫീസർ,
തൃശൂർ.

District Educational Officer
Thrissur